


# സർഗതീരം കലാ-സാഹിത്യ മത്സരം

വിദ്യാഭ്യാസ-കലാ-സാഹിത്യ-സാംസ്കാരിക കൂട്ടായ്മയായ **സർഗതീരം** സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കും കഥ, കവിത, ലേഖനം, കാർട്ടൂൺ എന്നിവയിൽ സംസ്ഥാന തല മത്സരം സംഘടിപ്പിക്കുന്നു. മികച്ച സൃഷ്ടികൾക്ക് ക്യാഷ് അവാർഡും പ്രശംസാപത്രവും നൽകും.

**കഥ, കവിത എന്നിവയുടെ വിഷയം: നന്മ എന്റെ മതം**

**ലേഖനം : നന്മയാഗ്രഹിക്കുന്നവരുടെ മൗനം - കാർട്ടൂൺ : കുടിച്ചു തീരുന്ന കേരളം.**

കഥ 6 പേജിലും, കവിത 24 വരിയിലും, ലേഖനം 10 പേജിലും കവിയരുത്. കാർട്ടൂൺ വെള്ള (ഡ്രായിംഗ്) കടലാസ്സിൽ കറുത്ത മഷി ഉപയോഗിച്ചു വരച്ചതായിരിക്കണം. സൃഷ്ടികൾ **2010 ജൂലായ് 31** ന് മുമ്പായി: സെക്രട്ടറി, സർഗതീരം, പി.ഒ. അഴീക്കോട്, കൊടുങ്ങല്ലൂർ, തൃശൂർ ജില്ല, പിൻ-680673 എന്ന വിലാസത്തിലോ, nanma@sargatheeram.com എന്ന ഈമെയിലിലോ അയക്കേണ്ടതാണ്. രചനകളോടൊപ്പം, വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്, ഡിവിഷൻ, സ്ഥലം, ഫോൺ, സ്വന്തം മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ പ്രത്യേക കുറിപ്പ് അടക്കം ചെയ്തിരിക്കണം. മറ്റുള്ളവർ കവറിനു മുകളിൽ *പൊതുവിഭാഗം* എന്നും എഴുതേണ്ടതാണ്. **visit: www.sargatheeram.com**

# സർഗതീരം പശ്ചാത്തലം

പണം നേടിത്തരാത്തതൊന്നും പ്രയോജനമുള്ളതല്ല എന്നതാണ് മുതലാളിത്തത്തിന്റെ തത്വശാസ്ത്രം. “പ്രയോജനമില്ലാത്തവർ ജീവിച്ചിരിക്കാൻ പോലും അർഹതയില്ല” എന്ന മനസ്സാണ് നൂറുകണക്കിന് വികലാംഗരെയും വൃദ്ധരേയും ജീവിനോടെ വെടിവെച്ചുകൊല്ലാൻ അഡോൾഫ് ഹിറ്റ്ലറെ പ്രേരിപ്പിച്ചത്. മുതലാളിത്ത രാജ്യങ്ങളിൽ വൃദ്ധസദനങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണമിതാണ്. ദൗർഭാഗ്യവശാൽ, നമ്മുടെ നാട്ടിലേക്കും ആ സംസ്കാരം അധിനിവേശം നടത്തിക്കഴിഞ്ഞു. പാലൂട്ടിത്താലോലിച്ച് താരാട്ടിയോമനിച്ച് വളർത്തിയ സ്വന്തം മാതാപിതാക്കൾക്ക്വേണ്ടി വൃദ്ധസദനങ്ങൾ തേടുന്ന സന്താനങ്ങൾ ഇന്ന് ഇവിടെയും പെരുകുകയാണ്. ആഗോളവൽക്കരണത്തിന്റെ കച്ചവടതന്ത്രങ്ങളിൽ വഴുതിവീഴുന്ന ഇളംതലമുറ. ലഹരിയുടെ മാസ്മരികതയിൽ ചേതനയറ്റുപോകുന്ന നാളെയുടെ വാഗ്ദാനങ്ങൾ, സിനിമാ ഭ്രമത്തിന്റെയും ഫാഷന്റേയും മിസ്സ്ഇന്ത്യാലോകസുന്ദരി മത്സരങ്ങളുടേയും ചീഞ്ഞുനാറുന്ന പിന്നാമ്പുറങ്ങളിൽ ചാരിത്ര്യം പിഴുതെറിയപ്പെടുന്ന പെൺമക്കൾ, ദാരിദ്ര്യത്തിന്റെ നടുക്കടലിലും ആർഭാടങ്ങളോടുള്ള ആർത്തി. വികൃതമായിക്കൊണ്ടിരിക്കുന്ന വ്യക്തിജീവിതം. ശിഥിലമാകുന്ന കുടുംബാന്തരീക്ഷം. മങ്ങലേറുന്ന ഗ്രാമീണ സൗഹാർദ്ദം. അസ്വസ്ഥമായ സാമൂഹ്യാന്തരീക്ഷം. ഒരു സമൂഹം തകരാൻ ഇതിൽ കൂടുതലെന്തുവേണം ?

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം ആർത്തിയും ആസക്തിയുമുള്ള അധിനിപുണരായ കുറെ 'വിദ്യാസമ്പന്നരെ' നേടിത്തന്നു എന്നതാണ് നേര്. സാംസ്കാരിക ജീർണ്ണതകളിൽ നിന്നോ, ഉപഭോഗസംസ്കാരം സൃഷ്ടിക്കുന്ന അതിരില്ലാത്ത ആസക്തിയിൽനിന്നോ ഭാവിതലമുറയെ മോചിപ്പിക്കാൻ അതിന്റെ ആവനാഴിയിൽ യാതൊരു സൂത്രവാക്യവും ശേഷിക്കുന്നില്ല. വ്യക്തിജീവിതം സംശുദ്ധമാവുകയും, കുടുംബജീവിതം സമാധാനപൂർണ്ണമാവുകയും സാമൂഹ്യാന്തരീക്ഷം സ്നേഹമസൃണമായിത്തീരുകയും ചെയ്യുന്നതിലൂടെ മാത്രമേ, വരുംതലമുറയെയെങ്കിലും പുരോഗതിയിലേക്ക് നയിക്കാനാവൂ. ഏക പരിഹാരം, സനാതന ധാർമ്മിക മൂല്യങ്ങളിലേക്ക് തിരിച്ചുപോവുക എന്നത് മാത്രമാണ്. ആ മൂല്യങ്ങൾ തേടിയുള്ള പ്രയാണമാണ് സർഗതീരം.

# പുരോഗതിയുടെ അനിഷേധ്യമായ അടിത്തറകൾ

സനാതന ധാർമ്മിക മൂല്യങ്ങളാണ് പുരോഗതിയുടെ അനിഷേധ്യമായ അടിത്തറകൾ. സർഗതീരത്തിന്റെയും പ്രേരകം അവ തന്നെ, കാരണം,




സനാതന ധാർമ്മിക മൂല്യങ്ങൾ തകരുമ്പോൾ, മാനുഷിക ബന്ധങ്ങൾ ഉലയുന്നു. മാനുഷിക ബന്ധങ്ങൾ ശിഥിലമാകുമ്പോൾ, മനസ്സമാധാനം തകരുന്നു. മനസ്സമാധാനം തകരുന്നതോടെ സർവ്വപുരോഗതിയും നിശ്ചലമാവുന്നു. പിന്നീടങ്ങോട്ടുള്ളത് ഛിദ്രതയും അധോഗതിയും സംഹാരവും ആത്മഹത്യകളുമാണ്.

സത്യം, ധർമ്മം, നീതി, സ്നേഹം, കാരുണ്യം, ദയ, തുടങ്ങിയ മൂല്യങ്ങളാണ് സനാതന മൂല്യങ്ങൾ. മഹത് ഗ്രന്ഥങ്ങളഖിലവും അവയെ പുകഴ്ത്തിയിരിക്കുന്നു. സുമനസ്സുകളിലെന്നും അവ പ്രിയങ്കരമായിരുന്നു. മനുഷ്യമഹത്വത്തിന്റെ വിശ്വമാനദണ്ഡങ്ങളാണവ. കാരണം, അവ പ്രാപഞ്ചികമാണ്, പ്രകൃതിയാണ്, അനശ്വരമാണ്, സാർവ്വജനീനമാണ്, സർവ്വാംഗീകൃതമാണ്. ആകാശം പോലെ വരമ്പുകളില്ലാത്ത, വായുവും വെള്ളവും പോലെ വർഗ്ഗ വർണ്ണ ദേശ വിഭജനങ്ങളില്ലാത്ത പ്രാപഞ്ചിക വെളിച്ചമാണവ. അവക്ക് ദേശവും ദേശീയതയുമില്ല, വർണ്ണവും വർണ്ണവിവേചനവുമില്ല, വർഗ്ഗവും വർഗ്ഗീയതയുമില്ല, സമുദായവും സാമുദായികതയുമില്ല. അവക്ക് മാത്രമേ, ധാർമ്മിക ജീർണ്ണതകളുടെ അന്ധകാരങ്ങളിൽ നിന്ന് വ്യക്തിയേയും കുടുംബത്തേയും മുഴുവൻ മനുഷ്യ സമൂഹത്തേയും മോചിപ്പിക്കാനാവൂ. ഈ മഹത് മൂല്യങ്ങൾ ഹൃദയങ്ങളിൽ പ്രിയങ്കരമാകുമ്പോഴാണ്, വ്യക്തിത്വവികാസം സംജാതമാവുന്നതും സംസ്കാരങ്ങൾ സമ്പന്നമാവുന്നതും. പുരോഗതിയുടെ മുഴുവൻ തലങ്ങളേയും ക്ഷേമത്തിലേക്ക് പരിവർത്തിപ്പിക്കാൻ ഇതേ മൂല്യങ്ങൾക്കേ സാദ്ധ്യമാവൂ. ഈ തിരിച്ചറിവാണ് സർഗതീരം.

**നന്മ നിറഞ്ഞ ഒരിളംതലമുറക്കായി സന്മനസ്സുള്ളവരുടെ സഹായവും ആശിർവാദവുമാണ് സർഗതീരത്തിന്റെ പ്രതീക്ഷ.**

Azhicode P.O, Kodungallur, Thrissur-Dt, Pin: 680673, Phone: 9349919895, 9946657525
Email: nanma@sargatheeram.com, Web: sargatheeram.com